# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2147

16.08.2017 ൽ മറുപടിക്ക്

## ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ടി. തോമസ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി. സതീശൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ കോറിഡോർ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അപ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇതിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) & (സി) | സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വിശദപഠനം നടത്തിയ ശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട് എത്ര ഏക്കർ സ്ഥലം ആവശ്യമായി വരുമെന്നും, എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്നും, പദ്ധതി അടങ്കൽ എത്രയാണെന്നും അറിയുവാൻ സാധിക്കുകയുള്ളൂ. ധനസമാഹരണ കാര്യം പിന്നീട് തീരുമാനിക്കാവുന്നതാണ്. |
| (സി) | കോറിഡോർ സ്ഥാപിക്കുന്നതിന് എങ്ങനെ ധനസമാഹരണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ